# കടദാനം പുണ്യ ദാനം

عَنْ قَتادة رَضِيَ اللهُ عَنْه قَالَ: سَمِعْتُ رَسُولَ ﷺ يَقُولُ: مَنْ سَرَّهُ أَنْ يُنْجِيَهُ اللهُ مِنْ كُرَبِ يَوْمِ القِيامَةِ فَلْيُنَفِّسْ عَنْ مُعْسِرٍ أَوْ يَضَعْ عَنْهُ (مسلم)

ഖത്താദ(റ)യിൽ നിന്ന് നിവേദനം: അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ദൂതൻ പറയുന്നതായി ഞാൻ കേട്ടു: അന്ത്യദിനത്തിലെ ദുഃഖങ്ങളിൽ നിന്ന് അല്ലാഹു തന്നെ രക്ഷിക്കുന്നത് വല്ലവന്നും സന്തോഷകരമായി തോന്നുന്നുവെങ്കിൽ അവൻ സാമ്പത്തിക ഞെരുക്കമുള്ളവന് ആശ്വാസം നൽകട്ടെ; അല്ലെങ്കിൽ ഒഴിവാക്കി കൊടുക്കട്ടെ" (മുസ്‌ലിം).

ഹാഫിസ് ബഷീർ, അൽജാമിഅ അൽ ഇസ്‌ലാമിയ്യ ശാന്തപുരം

കടം കൊടുക്കുക എന്നത് ഒരു പുണ്യകർമമാണ്. റസൂൽ(സ) പറഞ്ഞു: "ഒരാൾ തന്റെ സഹോദരന്റെ ഭൗതിക വിഷമങ്ങളിൽ നിന്ന് ഒരു ചെറിയ വിഷമം പരിഹരിച്ചുകൊടുത്താൽ അവന്റെ പാരത്രിക വിഷമങ്ങളിൽ ഒരു വലിയ വിഷമം അല്ലാഹു അവന് പരിഹരിച്ച് കൊടുക്കും. അല്ലാഹുവിന്റെ ഒരു ദാസൻ തന്റെ സഹോദരനെ സഹായിച്ചുകൊണ്ടിരിക്കുമ്പോഴെല്ലാം അല്ലാഹു അവനെ സഹായിച്ചുകൊണ്ടിരിക്കും."

കടദാനത്തിന്റെ ലക്ഷ്യം തന്റെ സഹോദരനെ സഹായിക്കുക എന്നതാണ്. ദാരിദ്ര്യം കാരണം കടം വാങ്ങിച്ച വസ്തു നിശ്ചയിച്ച അവധിയെത്തിയിട്ടും തിരിച്ചു നൽകാൻ കഴിയാതെ വന്നാൽ അവന് സാവകാശം നൽകുകയോ കടം ഒഴിവാക്കി കൊടുക്കുകയോ വേണം. കടം ഒഴിവാക്കാൻ പറ്റുമെങ്കിൽ അതാണ് ഏറ്റവും ഉത്തമം.

ഒരിക്കൽ കഅ്ബ്ബ്നു മാലിക്(റ) തനിക്ക് കിട്ടാനുള്ള കടം ഒരാളോടാവശ്യപ്പെട്ടു. ഇരുവർക്കുമിടയിലെ സംസാരം ഉച്ചത്തിലായി. നബി(സ) വിവരമറിഞ്ഞു. കടത്തിന്റെ പകുതി വിട്ടുകൊടുക്കാൻ നബി(സ) കഅ്ബ്നോട് നിർദേശിച്ചു. ബാക്കി വീട്ടാൻ രണ്ടാമനോട് കൽപിക്കുകയും ചെയ്തു. ഇങ്ങനെ കടക്കാർക്ക് ആശ്വാസം പകരുന്ന ധാരാളം ഹദീസുകൾ കാണാൻ കഴിയും. "ഒരാൾ പ്രയാസപ്പെടുന്നവന് സാവകാശം കൊടുക്കുകയോ അവന്റെ കടഭാരം ഇറക്കിവെച്ചുകൊടുക്കുകയോ ചെയ്താൽ അവന് അല്ലാഹു മറ്റൊരു തണലുമില്ലാത്ത ദിവസം തന്റെ തണലുകൊണ്ട് തണലേകും" (മുസ്‌ലിം 306). "ഒരാൾക്ക് മറ്റൊരാളിൽ നിന്ന് വല്ല അവകാശവും കിട്ടാനുണ്ടാവുകയും എന്നിട്ട് അവന് സാവകാശം നൽകുകയും ചെയ്താൽ അവന് ഓരോ ദിവസത്തെയും ധർമത്തിന്റെ ഫലം നിശ്ചയിക്കപ്പെടുന്നതാണ്" (അഹ്മദ്).

കടം കൊടുക്കുക എന്നത് ഉത്തമമായ കാര്യമാണെങ്കിലും കടം വാങ്ങുക എന്നത് ഗുരുതരമായ കാര്യമാണ്. നബി(സ) കടത്തിൽ നിന്ന് അല്ലാഹുവിനോട് രക്ഷചോദിക്കുമായിരുന്നു. ആഇശ(റ) പറയുന്നു: "അല്ലാഹുവിന്റെ പ്രവാചകൻ നിസ്കാരത്തിലെ പ്രാർഥനയിൽ ഇങ്ങനെ പറയുമായിരുന്നു: 'അല്ലാഹുവേ കുറ്റത്തിൽ നിന്നും കടത്തിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു.' അപ്പോൾ നബിയോട് ചോദിച്ചു: 'അങ്ങ് കടത്തിൽ നിന്ന് ഇത്രയധികം രക്ഷചോദിക്കാൻ കാരണമെന്താണ്?' അവിടുന്ന് പറഞ്ഞു: 'ഒരാൾ കടക്കാരനായാൽ കള്ളം പറയാൻ ഇടവരും; തുടർന്ന് വാഗ്ദാനം ലംഘിക്കാനും'" (ബുഖാരി 2397).

കടം എന്നത് ഒരു തരം ബന്ധനമാണ്. ഇമാം ബൈഹഖിയുടെ റിപ്പോർട്ടിൽ ഇങ്ങനെ കാണാം: "ദോഷങ്ങൾ കുറക്കുക. എങ്കിൽ മരണം താങ്കൾക്ക് നിസ്സാരമാവും. കടം കുറക്കുക. എങ്കിൽ താങ്കൾക്ക് സ്വതന്ത്രനായി ജീവിക്കാം" (*സവാജിർ* 1/249). ഒരു വിശ്വാസിയെ സംബന്ധിച്ചേടത്തോളം കടം ഉണ്ടായിരിക്കുമ്പോഴെല്ലാം അവന്റെ ആത്മാവ് ലക്ഷ്യത്തിലെത്താതെ ബന്ധിക്കപ്പെടുമെന്ന പ്രവാചക വചനം ചിന്തനീയമാണ്. വിശ്വാസിയുടെ ലക്ഷ്യം സ്വർഗ പ്രവേശവും സ്വാലിഹുകളുടെ ഗണത്തിൽ ഉൾപ്പെടലുമാണല്ലോ. കടം അതിന് തടസ്സമാകുമെന്നാണ് നബിവചനത്തിന്റെ അർഥം. കടത്തിൽ നിന്നുള്ള മോചനം സ്വർഗ പ്രവേശത്തിന് അനിവാര്യമാണ് എന്നും മനസ്സിലാക്കാം. "അഹങ്കാരം, ചതി, കടം എന്നിവയിൽ നിന്ന് മോചിതനായി ഒരാൾ മരിക്കാനിടയായാൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്" (ഇബ്നു മാജ).

കടം വീട്ടാതെ മരിക്കുന്നത് അതീവ ഗുരുതരമായി കണ്ടിരുന്നു പ്രവാചകൻ. നബി(സ) കടബാധ്യതയുള്ളവന്റെ മയ്യിത്തിനു വേണ്ടി നമസ്കരിക്കുമായിരുന്നില്ല. ജനാസ കൊണ്ടുവന്നാൽ കടം ഉണ്ടോ എന്ന് അന്വേഷിക്കുക പ്രവാചകന്റെ പതിവായിരുന്നു. കടം ഉണ്ടെങ്കിൽ ആരെങ്കിലും അത് ഏറ്റെടുത്താൽ മാത്രമേ അവിടുന്ന് നമസ്കരിക്കുമായിരുന്നുള്ളൂ. അബൂഹുറയ്റ(റ) പറഞ്ഞു: "മരിച്ച വ്യക്തിയെ കൊണ്ടുവന്നാൽ അവൻ കടക്കാരനെങ്കിൽ കടം വീട്ടാൻ വകയുണ്ടോ എന്ന് അന്വേഷിക്കുകയും ഉണ്ടെന്ന് പറഞ്ഞാൽ നിസ്കരിക്കുകയും, ഇല്ലെന്ന് പറഞ്ഞാൽ നിങ്ങളുടെ കൂട്ടുകാരന് വേണ്ടി നിങ്ങൾ തന്നെ നിസ്കരിച്ചുകൊള്ളുക എന്ന് പറയുകയും ചെയ്യുകയെന്നതായിരുന്നു നബി(സ) യുടെ പതിവ്." അല്ലാഹുവിന്റെ മാർഗത്തിൽ ശഹീദാവുന്നവന് എല്ലാ പാപങ്ങളും അല്ലാഹു പൊറുത്തുകൊടുക്കും; കടബാധ്യത ഒഴിച്ച്. കാരണം അത് സൃഷ്ടികളുമായി ബന്ധപ്പെട്ട കാര്യമാണ്. നബി(സ) പറഞ്ഞു: "രക്തസാക്ഷിയുടെ സകല പാപവും പൊറുക്കപ്പെടും; കടം ഒഴികെ" (മുസ്‌ലിം 1886). ഉത്തമർണൻ വിട്ടുകൊടുത്താലോ അല്ലെങ്കിൽ ബാധ്യത മറ്റാരെങ്കിലും ഏറ്റെടുക്കുകയാണെങ്കിലോ മാത്രമേ അല്ലാഹു അവന് പൊറുത്തുകൊടുക്കൂ. അത്രത്തോളം സൂക്ഷ്മത പാലിക്കേണ്ട വിഷയമാണ് കടബാധ്യത. ●